ഭരണഭാഷ – മാതൃഭാഷ

# വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം

മൂന്നാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033
ഫോൺ: 0471-2302722, ഇ-മെയിൽ : industriesdirectorate@gmail.com

നം: DIC/2412/2024-IT-INFRA തീയതി: 11-06-2024

## ദർഘാസ് നോട്ടീസ്

വിഷയം:- വ്യവസായം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പ്രിന്ററുകൾ, ഫാക്സ് മെഷീൻ എന്നിവയുടെ ടോണർ റീഫിൽ ചെയ്യുന്നതിനും, റീ മാനുഫാക്ചർ ചെയ്യുന്നതിനുമുള്ള ദർഘാസുകൾ ക്ഷണിക്കുന്നത്- സംബന്ധിച്ച്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പ്രിന്ററുകൾ (HP-88A, HP- 30A, HP-12A, Canon-326, Canon-337), ഫാക്സ് മെഷീൻ (Brother soft) എന്നിവയുടെ ടോണർ റീഫിൽ/ റീമാനുഫാക്ചർ ചെയ്യുന്നതിനുള്ള മത്സരസ്വഭാവമുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിയ്ക്കുന്നു. മുദ്രവച്ച ദർഘാസുകൾ 19/06/2024 തീയതി വൈകുന്നേരം 3.00 മണിക്കു മുൻപായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം- 695033 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭ്യമായ ദർഘാസുകൾ അന്നേ ദിവസം 3.30 ന് ദർഘാസുകൾ സമർപ്പിച്ചവരുടെ/ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ (ഹാജരുണ്ടെങ്കിൽ) തുറന്ന് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള അവസാന ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസമായി പരിഗണിക്കുന്നതാണ്. ദർഘാസുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുള്ള അധികാരം വ്യവസായ വാണിജ്യ ഡയറക്ടറിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് വികാസ് ഭവനിലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയത്തിലെ ഐ.ടി വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്. ദർഘാസുകൾ താഴെ പറയുന്ന നിബന്ധനകൾക്ക് അനുസരിച്ച് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പികാത്ത ദർഘാസുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

1. ടോണർ റീ ഫിൽ ചെയ്യുന്നതിനും, റീ മാനുഫാക്ചർ ചെയ്യുന്നതിനുള്ള നിരക്കുകൾ ഇനം തിരിച്ചു

നൽകേണ്ടതാണ്.

2. HP-88A, HP- 30A, HP-12A, Canon-326, Canon-337 എന്നിവയുടെ റീഫില്ലിങ് പ്രകാരം കുറഞ്ഞത് 1000 പ്രിന്റുകളും, Brother soft എന്നിവയുടെ റീഫില്ലിങ് പ്രകാരം കുറഞ്ഞത് 1500 പ്രിന്റുകളും പ്രിന്റുകളും ഉറപ്പായും ലഭിക്കേണ്ടതാണ്.
3. ടോണർ റീഫിൽ/ റീ മാനുഫാക്ചർ ചെയ്യുന്ന സമയത്ത് മാറ്റേണ്ട മറ്റു സാമഗ്രികളുടെ വില (ഉണ്ടെങ്കിൽ മാത്രം) ഇനം തിരിച്ച് നൽകേണ്ടതാണ്.
4. ഈ ദർഘാസ് പ്രകാരം കരാർ ഒപ്പ് വയ്ക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് ഈ കരാർ തുകയ്ക്കു പ്രാബല്യം ഉണ്ടായിരിക്കും.
5. കരാർ കാലവധിക്കുളിൽ കാരണം കാണിക്കാതെ കരാറിൽ നിന്നും പിന്മാറാനുള്ള അധികാരം വ്യവസായ വാണിജ്യ ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

S. HARIKISHORE I A S
DIRECTOR
വ്യവസായ വാണിജ്യ ഡയറക്ടർ

പകർപ്പ്:- 1) നോട്ടീസ് ബോർഡ്, വകുപ്പ് വെബ്സൈറ്റ്
2) നഗരസഭാ കാര്യാലയം (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)

Signed by
Roy Simon
Date: 11-06-2024 16:37:26